# വിഘടനവാദത്തിന്റെ വിത്തുവിതക്കുന്നവർ

**ഇന്ത്യയിലെ** ഏറ്റവും വലിയ കോസ്മോ പൊളിറ്റൻ നഗരമായ മുംബൈയിൽ മണ്ണിന്റെമക്കൾ വാദം വീണ്ടും രൂക്ഷമായി രംഗ പ്രവേശം ചെയിതിരിക്കുകയാണ്. ബാൽതാക്കറെ നേതൃത്വം നൽകുന്ന ശിവസേനയാണ് രണ്ടു പതിറ്റാണ്ടു മുമ്പ് ഈ വാദം ആദ്യമുയർത്തിയത്. അവരുടെ മുഖ്യ ഇരകൾ മുംബൈയിലെത്തി തൊഴിലിലേർപ്പെട്ട ദക്ഷിണേന്ത്യക്കാരായിരുന്നു. ബാൽതാക്കറെയുടെ മരുമകൻ രാജ്താക്കറെയുടെ നേതൃത്വത്തിലുള്ള നവനിർമാൺ സേനയുടേതാണ് പുതിയ പടപ്പുറപ്പാട്. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നുള്ള ടാക്സി ഡ്രൈവർമാരും തെരുവുകച്ചവടക്കാരുമാണ് അവരുടെ മുഖ്യ ഇരകൾ. സിനിമാ നടൻ അമിതാബച്ചന്റെ വീടടക്കം ഉത്തരേന്ത്യക്കാരുടെ നിരവധി വസ്തുവഹകൾ ആക്രമിക്കപ്പെട്ടു. കോടിക്കണക്കിൽ രൂപയുടെ നാശ നഷ്ടങ്ങളും ഉണ്ടായി. ആയിരക്കണക്കിനാളുകൾക്ക് പരിക്കേറ്റു. ഭാഗ്യവശാൽ ആളപായം രണ്ടേ ഉണ്ടായുള്ളൂ. മഹാരാഷ്ട്രയിലെ മറ്റു നഗരങ്ങളിലേക്കും ഇത് പടർന്നുകൊണ്ടിരിക്കുകയാണ്. യു.പിക്കാരും ബീഹാരികളും കുട്ടത്തോടെ സംസ്ഥാനം വിട്ടു പൊയ്ക്കൊണ്ടിരിക്കുന്നു. മുംബൈയിൽ നിന്നു മാത്രം പതിനയ്യായിരത്തോളം പേർ സ്ഥലംവിട്ടുകഴിഞ്ഞു. യു.പി, ബീഹാർ സംസ്ഥാനങ്ങളിൽ നിന്നുള്ള തൊഴിലാളികളുടെ ഒഴിച്ചുപോക്ക് നാസിക്ക് നഗരത്തിന്റെ ഉല്പാദന മേഖലയിൽ പ്രതിസന്ധി സൃഷ്ടിച്ചതായാണ് വാർത്ത.

സംഭവം ഇത്രയൊക്കെ വളർന്നിട്ടും രാഷ്ട്രീയ പാർട്ടികളിൽ നിന്നോ അവരുടെ നേതാക്കളിൽ നിന്നോ കേന്ദ്ര-സംസ്ഥാന സർക്കാറുകളിൽ നിന്നോ കാര്യമായ പ്രതികരണമുണ്ടായതായി കാണുന്നില്ല. മുഖ്യമന്ത്രി അപലപിച്ചെങ്കിലും അദ്ദേഹത്തിന്റെ പോലീസ് നവനിർമാൺ സേനയുടെ താണ്ഡവം നിസ്സംഗരായി നോക്കിനിൽക്കുകയാണ്. ഏതാനും ബറ്റാലിയൻ റാപ്പിഡ് ആക്ഷൻ ഫോഴ്സിനെ അയക്കുന്നതിലൊതുങ്ങി കേന്ദ്രത്തിന്റെ നീക്കം. ഈ ഫോഴ്സാവട്ടെ എന്തെങ്കിലും ആക്ഷൻ എടുത്തതായി അറിവില്ല. സംസ്ഥാനത്തിന്റെ ആഭ്യന്തര പ്രശ്നത്തിൽ കേന്ദ്രം ഇടപെടേണ്ട എന്നാണ് കോൺഗ്രസിന്റെ നിലപാട്. സമാജ്വാദി പാർട്ടി നേതാവ് അബൂ ആസിം അഅ്സമി മാത്രമാണ് നവനിർമാൺ സേനയുടെ അക്രമത്തെ വാ തുറന്ന് എതിർത്തത്. അദ്ദേഹത്തിന്റെ പാർട്ടി അക്രമികൾക്കെതിരിൽ പ്രതിഷേധ പ്രകടനം നടത്തുകയുമുണ്ടായി. ദേശീയ തലത്തിൽ, എൻ.ഡി.എ നേതാവ് എൽ.കെ അദ്വാനി സാധാരണ ഗതിയിൽ അദ്ദേഹത്തിൽനിന്ന് പ്രതീക്ഷിച്ചു കൂടാത്ത ഒരു പ്രസ്താവന പുറപ്പെടുവിച്ചു. നവനിർമാൺ സേനയുടെ നീക്കം ഭരണഘടനാ വിരുദ്ധവും ദേശീയ ഐക്യത്തെ തകർക്കുന്നതുമാണ് എന്നായിരുന്നു അത്.

അടുത്ത തെരഞ്ഞെടുപ്പിൽ അമ്മാവൻ ബാൽതാക്കറെയെയും മച്ചുനൻ ഉദ്ധവ്താക്കറെയെയും കടത്തിവെട്ടാനുള്ള തന്ത്രമാണ് രാജ്താക്കറെ പയറ്റുന്നത്. മണ്ണിന്റെമക്കൾ വാദത്തിന്റെ ഉപജ്ഞാതാവായ ബാൽതാക്കറെക്കും മകനും അത് നേരിടുക എളുപ്പമല്ല. മൃദുഹിന്ദുത്വം കളിക്കുന്ന കോൺഗ്രസ് നേതൃത്വത്തിലുള്ള സംസ്ഥാന ഗവൺമെന്റിനും പരിമിതികളുണ്ട്. രാജ് താക്കറെ ഉത്തരേന്ത്യക്കാർക്കെതിരെ വിഷം ചീറ്റിയ അന്നുതന്നെ അയാളെ അറസ്റ്റു ചെയ്യേണ്ടതായിരുന്നു. ഒടുവിൽ, തന്നെ അറസ്റ്റു ചെയ്യാത്തതിൽ രാജ്താക്കറെ മുഖ്യമന്ത്രിക്ക് പരസ്യമായി നന്ദി പറഞ്ഞപ്പോഴാണ് അദ്ദേഹം അറസ്റ്റു ചെയ്യപ്പെട്ടത്.

മത്സ്യത്തൊഴിലാളികൾ പാർത്തിരുന്ന ദ്വീപുകളുടെ ഒരു ശൃംഖലയായിരുന്നു പതിനേഴാം നൂറ്റാണ്ടിനു മുമ്പ് മുംബൈ എന്നറിയപ്പെട്ടിരുന്ന പ്രദേശം. ആദ്യം ഡച്ചുകാർ അതു സ്വന്തം അധീനതയിലാക്കി. 17-ാം നൂറ്റാണ്ടിന്റെ മധ്യത്തോടെ അവരിൽനിന്ന് ബ്രിട്ടീഷുകാർ കൈവശപ്പെടുത്തി. അവരാണ് ഇന്ത്യയുടെ വാണിജ്യ-വ്യവസായ തലസ്ഥാനമായ മുംബൈ നഗരം കെട്ടിപ്പടുത്തത്. ഇന്ത്യയുടെ നാനാഭാഗത്തുനിന്നുമുള്ള ആളുകൾ അതിൽ പങ്കുവഹിച്ചിട്ടുണ്ട്. മഹാരാഷ്ട്രയുടെ കുലപതിയും മറാത്തി സ്വത്വത്തിന്റെ ചിഹ്നവുമായി കൊണ്ടാടപ്പെടുന്ന ശിവജി മുംബൈയിൽ ഒന്നും ചെയ്തിട്ടില്ല. കൊങ്കൺ മേഖലയിലെ റായ് ഘഡ് ആയിരുന്നു അദ്ദേഹത്തിന്റെ തലസ്ഥാനം. 18-ാം നൂറ്റാണ്ടിൽ മറാത്തയെ ഇന്ത്യയുടെ നാനാഭാഗത്തേക്കും വികസിപ്പിക്കാൻ ശ്രമിച്ച പേഷ്വായുടെ കാലത്ത് മറാത്തി സംസ്കാരത്തിന്റെയും ഭരണത്തിന്റെയും തലസ്ഥാനം പൂനെ ആയിരുന്നു.

ആധുനിക മുംബൈ വികസിപ്പിച്ചെടുത്തത് മറാത്തികളോ മറാത്തി രാജാക്കന്മാരോ അല്ല. ബ്രിട്ടീഷുകാരുടെ ആസൂത്രണത്തിന്റെയും ഇന്ത്യയുടെ നാനാഭാഗങ്ങളിൽ നിന്നുള്ള തൊഴിലാളികളുടെ അധ്വാനത്തിന്റെയും ഫലമാണത്. മുംബൈയുടെ 1.9 കോടി ജനസംഖ്യയിൽ 28 ശതമാനം മാത്രമാണ് മറാത്തികൾ. 20 ശതമാനം ദക്ഷിണേന്ത്യക്കാരും 40 ശതമാനത്തോളം ഉത്തരേന്ത്യക്കാരുമാണ്. മുംബൈ തെരുവുകൾ വൈവിധ്യമാർന്ന ഇന്ത്യൻ ജനതയുടെ പരിഛേദങ്ങളാണ്.

ഭാഷയിലും ഭക്ഷണത്തിലും സംസ്കാരത്തിലും ജീവിതരീതിയിലും വസ്ത്രധാരണത്തിൽപോലും വൈവിധ്യം പുലർത്തുന്ന നാനാജാതി മതസ്ഥരുടെ സമുച്ചയമായ ഇന്ത്യയുടെ ഐക്യവും അഖണ്ഡതയും യാഥാർഥ്യമാക്കുന്നത് ഏതൊരിന്ത്യൻ പൗരനും ആസേതുഹിമാചലം പരന്നു കിടക്കുന്ന ഈ മണ്ണിൽ എവിടെയുംചെന്ന് പാർക്കാനും തൊഴിലിലും കൃഷിയിലും കച്ചവടത്തിലും ഏർപ്പെടാനുമുള്ള സ്വാതന്ത്ര്യവും അവകാശവുമാണ്. ഈ അവകാശ സ്വാതന്ത്ര്യത്തിനു നേരെയാണ് താക്കറെമാർ വാളുയർത്തുന്നത്. ഈ നീക്കം ശക്തിയുക്തം തടഞ്ഞില്ലെങ്കിൽ ഒരു സംസ്ഥാനക്കാർക്ക് അയൽസംസ്ഥാനങ്ങളിൽ പോകാൻ പാസ്പോർട്ടും വിസയും വേണ്ടിവരുന്ന കാലം വിദൂരമാവില്ല. കേരളം മലയാളിക്കുമാത്രവും തമിഴ്നാട് തമിഴനുമാത്രവും ഉള്ളതാണെങ്കിൽ പിന്നെ അഖണ്ഡ ഭാരതമെവിടെ?

ദേശീയോദ്ഗ്രഥനത്തെ നാം വാതോരാതെ പാടിപ്പുകഴ്ത്തുന്നു. വിഘടനവാദ പ്രവണതകളെ നിശിതമായി അധിക്ഷേപിക്കുന്നതിൽ ആരും പിന്നിലല്ല. ന്യൂനപക്ഷങ്ങൾക്ക് പേഴ്സണൽ ലോ അനുവദിക്കുന്നതിലും പിന്നാക്കക്കാർക്കും അധഃസ്ഥിതർക്കും സംവരണമനുവദിക്കുന്നതിലുമൊക്കെ വിഘടനവാദവും വിഭാഗീയ പ്രവണതയും കണ്ട് കലിതുള്ളുന്നവരാണ് നമ്മുടെ ദേശീയ കേസരികളിൽ നല്ലൊരു വിഭാഗം. സാക്ഷാൽ വിഘടനവാദത്തിന്റെ വിത്തുവിതക്കുന്നവർക്കുനേരെ അവർ സൗകര്യപൂർവം കണ്ണടക്കുന്നു. ആടിനെ പട്ടിയാക്കി തല്ലുന്നതിനെക്കാൾ ഗുരുതരമായ വിപത്താണ് യഥാർഥ പേപ്പട്ടിയെ കണ്ടില്ലെന്നു നടിക്കുന്നത്. ■